പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 668 13/07/2012-ൽ മറുപടിക്ക്

## പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ട്രെയിനിംഗ് സെന്ററുകൾ

ചോദ്യം

ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി :
ശ്രീ.വി.ഡി.സതീശൻ
ശ്രീ.അൻവർ സാദത്ത്
ശ്രീ.വി.റ്റി.ബൽറാം

മറുപടി

കുമാരി.പി.കെ.ജയലക്ഷ്മി

(പട്ടികവർഗ്ഗ ക്ഷേമവും
യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും
മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ട്രെയിനിംഗ് സെന്ററുകൾ നവീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; | (എ) | 1. ഇടുക്കി ജില്ലയിലെ വാഴത്തോപ്പ് ടെയിലറിംഗ് സ്കൂളിലേയും 'തിരുവനന്തപുരം ജില്ലയിൽ ഞാറനീലി മോഡൽ വെൽഫയർ ട്രെയിനിംഗ് സെന്ററിലേയും നിലവിലുണ്ടായിരുന്ന ടെയിലറിംഗ് എംബ്രോയ്ഡറി നീഡിൽവർക്ക് എന്ന കോഴ്സ് പരിഷ്ക്കരിച്ച് 'ഫാഷൻ ഡിസൈനിംഗ് ആന്റ് ഗാർമെന്റ് ടെക്നോളജി' എന്ന നവീന കോഴ്സ് ആരംഭിച്ചു.<br>2. വ്യവസായിക പരിശീലന വകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കമ്പ്യൂട്ടർ ലാബുകൾ ആരംഭിക്കുന്നതിന് 3 ഐ.റ്റി.സി.കളിൽ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ഇതിനു പുറമേ സിലബസ് അനുസരിച്ചുള്ള കമ്പ്യൂട്ടർ പരിശീലനവും നൽകി വരുന്നു.<br>3. തിരുവനന്തപുരം, ഇടുക്കി തുടങ്ങിയ ജില്ലകളിലെ നിലവിലുള്ള പരിശീലന കേന്ദ്രങ്ങളെ പരിഷ്ക്കരിച്ച് മോഡൽ റസിഡൻഷ്യൽ ഐ.റ്റി.ഐ.കൾ ആക്കുന്നതിനുള്ള പ്രരാംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. വയനാട് സുഗന്ധഗിരിയിൽ മോഡൽ റസിഡൻഷ്യൽ ഐ.റ്റി.ഐ. സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതാ പഠനം നടത്തുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | എന്തെല്ലാം പരിശീലനങ്ങളാണ് ഈ സെന്ററുകൾ നൽകിവരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | 1.ഫാഷൻ ഡിസൈനിംഗ് ആന്റ് ഗാർമെന്റ് ടെക്നോളജി (FDGT) എന്ന കോഴ്സ് രണ്ട് സ്ഥാപനങ്ങളിൽ നൽകി വരുന്നു.<br>2. കാർപ്പന്ററി കോഴ്സുകൾ രണ്ട് സ്ഥാപനങ്ങളിൽ നൽകി വരുന്നു.<br>3. പന്ത്രണ്ട് സ്ഥാപനങ്ങളിൽ തയ്യൽ പരിശീലനം നൽകി വരുന്നു.<br>4. ഇടുക്കി പുത്തേടത്തും തിരുവനന്തപുരം കുട്ടമലയിലും പ്രവർത്തിക്കുന്ന ഐ.റ്റി.സി.കൾ ഇലക്ട്രീഷ്യൻ കോഴ്സിലും പരിശീലനം നൽകുന്നു.<br>5. റാന്നി ഐ.റ്റി.സി.യിൽ പ്ളംബിങ്ങ് ട്രേയിഡിലും പരിശീലനം നൽകി വരുന്നു. |

| | | | |
|---|---|---|---|
| | | | 6. കുട്ടമല ഐ.റ്റി.സി.യിൽ കാർപ്പന്ററി ട്രേഡിലും പരിശീലനം നൽകുന്നുണ്ട്. ഇവയിൽ ഇലക്ട്രീഷ്യൻ, കാർപ്പന്ററി ട്രേഡുകൾ NCVT അംഗീകാരമുള്ളവയും പ്ലംബിങ്ങ് ട്രേഡിനു SCVT അംഗീകാരമുള്ളതുമാണ്. |
| (സി) | ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദമാക്കുമോ? | (സി) | തിരുവനന്തപുരം, വയനാട്, ഇടുക്കി, ജില്ലകളിൽ നിലവിലുള്ള പരിശീലന കേന്ദ്രങ്ങളെ മോഡൽ റസിഡൻഷ്യൽ ഐ.റ്റി.ഐ.കൾ ആക്കുന്നതിനുള്ള സാധ്യതാ പഠനം ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | ഈ ട്രെയിനിംഗ് സെന്ററുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | (ഡി) | തിരുവനന്തപുരം ജില്ലയിലെ ഞാറനീലിയിലെ പരിശീലന കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി ശുദ്ധജലം, ബാത്ത്റൂം, ചുറ്റുമതിൽ, കെട്ടിട അറ്റകുറ്റപണി എന്നിവയ്ക്കായി 2,60,000/-(രണ്ടു ലക്ഷത്തി അറുപതിനായിരം ) രൂപയുടെ പ്രവർത്തികൾ ചെയ്യുകയുണ്ടായി. കൂടാതെ രണ്ട് കമ്പ്യൂട്ടറുകളും സ്ഥാപിച്ചിട്ടുണ്ട്. ഐ.റ്റി.സി.കുട്ടമലയിൽ (തിരുവനന്തപുരം) കാർപ്പന്ററി വർക്ഷോപ്പിനായി 40,000/- രൂപയും ഇലക്ട്രിക്കൽ വർക്ഷോപ്പിനായി 1,00,000/- രൂപയും (ഒരു ലക്ഷം രൂപ) ചെലവഴിച്ചു. വയനാട് മുത്തങ്ങയിൽ പ്രവർത്തിക്കുന്ന മാതൃകാ പരിശീലന കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും അറ്റകുറ്റപ്പണികൾക്കുമായി 2,60,000/-രൂപ (രണ്ടു ലക്ഷത്തി അറുപതിനായിരം രൂപ) ചെലവഴിക്കുകയും, കുടിവെള്ളം ലഭ്യമാക്കുന്നതിന് വാട്ടർ അതോറിറ്റിയുമായും ചുറ്റുമതിൽ കെട്ടുന്നതിന് സ്ഥലം അളന്ന് തിരിക്കുവാൻ വനം വകുപ്പുമായും വൈദ്യുതി കണക്ഷൻ എടുക്കുന്നതിന് വൈദ്യുതി ബോർഡുമായും ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു. ഇടുക്കി ജില്ലയിൽ പ്രവർത്തിക്കുന്ന ഐ.റ്റി.സിയിൽ പരിശീലനത്തിനാവശ്യമായ യന്ത്രങ്ങൾ പൂർണ്ണമായും സജ്ജീകരിച്ചിട്ടുണ്ട്. വാഴത്തോപ്പ് ടൈലറിംഗ് പരിശീലന കേന്ദ്രത്തിൽ ഫാഷൻ ഡിസൈനിംഗ് ആന്റ് ഗാർമെന്റ് ടെക്നോളജി കോഴ്സിന്റെ ഭാഗമായുള്ള ആധുനികവൽക്കരണത്തിനായി രണ്ടു കമ്പ്യൂട്ടറുകളും പ്രിന്ററും അസംസ്കൃത സാധനങ്ങളും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകിയിട്ടുണ്ട്. ഇതിനായി 84,524/- രൂപ (എൺപത്തിനാലായിരത്തി അഞ്ഞൂറ്റി ഇരുപത്തി നാല് രൂപ) ചെലവഴിച്ചിട്ടുണ്ട്. ഇതു കൂടാതെ തിരുവനന്തപുരത്തെയും ഇടുക്കിയിലെയും ഐ.റ്റി.സി.കളിൽ ടെലിഫോണും ഇന്റർനെറ്റ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ